ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE: 04.11.2026**

പ്രധാനവാർത്തകൾ

1. ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്കായുള്ള പദ്ധതിയുടെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടാൻ കേന്ദ്രമന്ത്രി സഭയുടെ അംഗീകാരം. അഗ്നിവീർമാരുടെ സേവന കാലാവധി രണ്ട് വർഷത്തേക്ക് കൂടി നീട്ടാനും അനുമതി.

2. പാർലമെന്റിന്റെ മാതൃകയിൽ സംസ്ഥാന നിയമസഭകൾക്കായി പൊതുവായ ഡിജിറ്റൽ ഓഡിറ്റ് മോണിറ്ററിങ് പ്ലാറ്റ്ഫോം വേണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

3. സംസ്ഥാനത്ത് റാഗിങ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ അറിയിക്കാൻ ലക്ഷ്യമിട്ടുള്ള സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പ് മുഖ്യമന്ത്രി വി.ഡി. സതീശൻ പുറത്തിറക്കി.

4. തൊഴിലാളികളുടെ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ടായിരിക്കും സംസ്ഥാനത്ത് ലേബർ കോഡുകൾ നടപ്പിലാക്കുകയെന്ന് മന്ത്രി ബിന്ദു കൃഷ്ണ.

5. സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

6. ന്യൂസീലാൻഡിനെതിരായ ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 5 വിക്കറ്റ് ജയം.

RNUTVPM

****

കേന്ദ്ര മന്ത്രിസഭ

രാജ്യത്തിൻറെ ഹരിതോർജ്ജ പദ്ധതികൾക്ക് കരുത്തേകാൻ 92 ജിഗാവാട്ട് -അവർ ശേഷിയുള്ള ഊർജ്ജ സംഭരണ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ന്യൂഡൽഹിയിൽ നടന്ന വാർത്തസമ്മേളനത്തിൽ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവാണ് ഇക്കാര്യം അറിയിച്ചത്. പ്രത്യേക പോക്സോ കോടതികൾ ഉൾപ്പെടെയുള്ള ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടാനും മന്ത്രിസഭ അംഗീകാരം നൽകി. പദ്ധതിയിലേക്കാവശ്യമായ കേന്ദ്ര വിഹിതം 'നിർഭയ ഫണ്ടിൽ' നിന്ന് ലഭ്യമാക്കും. സ്ഥിതിവിവരക്കണക്ക് പരിവർത്തനം, വിശകലനം, ഗവേഷണം എന്നിവയ്ക്കായുള്ള 'വികസിത് ഭാരത് സംരംഭം VISTAR നും കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നൽകി.

****

കേന്ദ്ര മന്ത്രിസഭ - അഗ്നിവീർ(ഇൻട്രോ)

അഗ്നിവീർമാരുടെ സേവന കാലാവധി രണ്ട് വർഷത്തേക്ക് കൂടി നീട്ടാൻ കേന്ദ്ര മന്ത്രിസഭയുടെ അനുമതി. ആദ്യ ബാച്ച് അഗ്നിവീർമാരുടെ നാല് വർഷത്തെ സേവന കാലാവധി പൂർത്തിയാകാനിരിക്കെയാണ് തീരുമാനം. 25 ശതമാനം അഗ്നിവീർമാരെ മികവിന്റെ അടിസ്ഥാനത്തിൽ സ്ഥിരം സേനയിലേക്ക് ഉൾപ്പെടുത്തുമെന്നും ബാക്കിയുള്ള 75 ശതമാനം പേർക്ക് രണ്ട് വർഷം കൂടി സേവന കാലാവധി നൽകുമെന്നും സംയുക്ത സൈനിക മേധാവി ജനറൽ എൻ.എസ്. രാജ സുബ്രഹ്മണി അറിയിച്ചു.

(വോയിസ്....)

കൂടുതൽ യുവത്വവും സാങ്കേതികമായി സജ്ജവുമായ സൈന്യത്തെ കെട്ടിപ്പടുക്കുന്നത് ലക്ഷ്യമിട്ടാണ് അഗ്നിവീർമാരുടെ സേവന കാലാവധി നീട്ടുന്നതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

RIU TVPM

മാറിക്കൊണ്ടിരിക്കുന്ന യുദ്ധമുറകളെ നേരിടാൻ രാജ്യത്തിന്റെ സൈന്യത്തെ സജ്ജമാക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണിതെന്നും രാജ്യരക്ഷാ മന്ത്രി കൂട്ടിച്ചേർത്തു.

****

പി എ സി - സമ്മേളനം

പാർലമെന്റിന്റെ മാതൃകയിൽ സംസ്ഥാന നിയമസഭകൾക്കായി പൊതുവായ ഡിജിറ്റൽ ഓഡിറ്റ് മോണിറ്ററിങ് പ്ലാറ്റ്ഫോം വേണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. തിരുവനന്തപുരത്ത് പാർലമെന്റിലെയും നിയമസഭകളിലെയും പബ്ലിക് അക്കൗണ്ടസ് കമ്മിറ്റി ചെയർ പേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ അംഗീകരിച്ച 'കേരളം പ്രമേയം' വരും വർഷങ്ങളിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന വഴികാട്ടിയായി വർത്തിക്കുമെന്നും പി.എ.സികൾ തമ്മിൽ പ്രതിവർഷം കുറഞ്ഞത് ഒരു യോഗമെങ്കിലും സംഘടിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ 27 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

RNU TVPM

****

കേരള മന്ത്രിസഭ

സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം മ്യൂസിയവും ഓഷ്യനേറിയവും സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ. മന്ത്രിസഭാ യോഗത്തിന് ശേഷം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോഴിക്കോട് ജില്ലയിൽ പി.എസ്.സിയിലൂടെ ജോലിയിൽ പ്രവേശിച്ച ആറ് പേരെ പിരിച്ചു വിട്ട സംഭവത്തിൽ സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് ഇവരെ നിലനിർത്താനും മന്ത്രിസഭായോഗം തീരുമാനിച്ചു. ജിഎൻഎ

കമ്പനിയിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് ഹിമാചലിൽ നിന്ന് വാങ്ങുന്നതിനേക്കാൾ 2000 കോടിയുടെ ലാഭമുണ്ടാകുമെന്നും മുഖ്യമന്ത്രി വ്യകതമാക്കി.

****

സിദ്ധാർത്ഥ് ആപ്പ്

വിദ്യാർഥികളുടെ സുരക്ഷ ലക്ഷ്യമിടുന്ന സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പ് മുഖ്യമന്ത്രി വി.ഡി. സതീശൻ പുറത്തിറക്കി. ഒറ്റയ്ക്കല്ല, സമൂഹം കൂടെയുണ്ടെന്ന ഉറപ്പാണ് സിദ്ധാർത്ഥ് ആപ്പെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിദ്യാർഥികൾക്ക് പരാതികളോ മാനസിക പ്രയാസങ്ങളോ ഉണ്ടെങ്കിൽ ആപ്പിൽ സന്ദേശമയയ്ക്കാം. റാഗിങ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ രഹസ്യമായി അറിയിക്കാനും സഹായം തേടുന്നതിനും വിദ്യാർഥികൾക്ക് സൗകര്യമൊരുക്കുന്നതാണ് സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പ്.

RJU TVPM

****

കോഴിക്കോട് - മന്ത് (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ മലേറിയ, മന്ത് തുടങ്ങിയ കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. ഇതിന്റെ ഭാഗമായി അതിഥിത്തൊഴിലാളികളുടെ ക്യാമ്പുകളിൽ ഉൾപ്പടെ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചു. പൊതുജനങ്ങളും ഈ ദൗത്യത്തിൽ സജീവമായി പങ്കെടുക്കണമെന്ന് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, സീനിയർ ബയോളജിസ്റ്റ് രമേശൻ സി പി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്...)

****

ബിന്ദു കൃഷ്ണ - ലേബർ കോഡ്

തൊഴിലാളികളുടെ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചു കൊണ്ടായിരിക്കും സംസ്ഥാനത്ത് ലേബർ കോഡുകൾ നടപ്പിലാക്കുകയെന്ന് മന്ത്രി ബിന്ദു കൃഷ്ണ. ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് റിപ്പോർട്ട് മുഖ്യമന്ത്രി വി.ഡി.സതീശന് മന്ത്രി കൈമാറി. മിനിമം വേതനത്തിൽ വർധനയ്ക്ക് വഴിയൊരുക്കുക, തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുക, തുടങ്ങിയ നിർദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്.

****

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

PNU TVPM

****

ശബരിമല

ശബരിമലയിൽ ശാസ്ത്രീയമായി ഭക്തജനത്തിരക്ക് നിയന്ത്രിക്കണമെന്ന് റവന്യൂ മന്ത്രി എ. പി അനിൽകുമാർ. ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം സുരക്ഷിതവും സുഗമവുമായി നടത്തുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് സംഘടിപ്പിച്ച സംയുക്ത ദുരന്തനിവാരണ പരിശീലന പരിപാടി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

****

സമുദ്രസിമ്പോസിയം-കൊച്ചി (ഇൻട്രോ)

സമുദ്രോപരിതല താപനിലയിലെ വർധന, ഉഷ്ണതരംഗങ്ങൾ, പവിഴപ്പുറ്റുകളുടെ നാശം തുടങ്ങിയവ സമുദ്ര ആവാസവ്യവസ്ഥയ്ക്കും മത്സ്യത്തൊഴിലാളികൾക്കും വലിയ ഭീഷണി ഉയർത്തുന്നതായി സമുദ്ര

ശാസ്ത്രജ്ഞർ. കൊച്ചി സി.എം.എഫ്. ആർ.ഐയിൽ ആരംഭിച്ച രാജ്യാന്തര ട്രെവർ സഫാരി സിമ്പോസിയത്തിലാണ് ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ്. **വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി നഹീമ പി.....**

****

മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

****

റെയിൽവെ -പാലക്കാട് (ഇൻട്രോ)

നിർമ്മാണം പുരോഗമിക്കുന്ന പാലക്കാട് ടൗൺ റയിൽവേ സ്റ്റേഷനിലെ പിറ്റ് ലൈനിന് റയിൽവേ സുരക്ഷാ കമ്മീഷന്റെ അനുമതി ലഭിച്ചു. സ്റ്റേഷനിലെ രണ്ടാമത്തെ പിറ്റ് ലൈനിന് റയിൽവേ ജനറൽ മാനേജരുടെ അനുമതിയും ലഭിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....

(വോയ്സ്)

****

ക്രിക്കറ്റ്

ന്യൂസീലാൻഡിനെതിരായ ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 5 വിക്കറ്റ് ജയം . ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 40.2 ഓവറിൽ 185 റണ്ണിന് പുറത്തായി. മഴ മൂലം തടസ്സപ്പെട്ട മത്സരത്തിൽ ഡി.എൽ.എസ് നിയമപ്രകാരം ഇന്ത്യയുടെ

RNUTVPM

വിജയലക്ഷ്യം 32 ഓവറിൽ 143 റണ്ണായി നിശ്ചയിച്ചു. തുടർന്ന് 22.4 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ ലക്ഷ്യം കാണുകയായിരുന്നു. 51 പന്തിൽ 74 റൺസ് നേടിയ വിരാട് കോഹ്ലി, ഏകദിനത്തിൽ ഏറ്റവും കൂടുതൽ റൺ നേടുന്ന താരമെന്ന സച്ചിൻ ടെണ്ടുൽക്കറുടെ റെക്കോർഡ് മറികടന്നു.

****

ഏഷ്യൻ ഹോക്കി

ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. മൊഹാലിയിൽ രാത്രി 7:00-നാണ് മത്സരം. ലീഗ് ഘട്ട മത്സരങ്ങളിൽ അഞ്ചിൽ അഞ്ചും ജയിച്ച് ഇന്ത്യ ഒന്നാം സ്ഥാനക്കാരായാണ് സെമിയിലെത്തിയത്.

****

മുറസു ചുഴലിക്കാറ്റ്

'മുറസു' ചുഴലിക്കാറ്റ് തീവ്ര ന്യൂനമർദ്ദമായി ദുർബലപ്പെട്ടതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നിലവിൽ ചുഴലിക്കാറ്റ് വടക്കുപടിഞ്ഞാറൻ ദിശയിലേക്ക് നീങ്ങുന്നതായും കാലാവസ്ഥ വിഭാഗം അറിയിച്ചു.

****

മെഗാ തൊഴിൽ മേള

വിമുക്തഭടന്മാർക്കായി തിരുവനന്തപുരത്ത് മറ്റന്നാൾ മെഗാ തൊഴിൽ മേള സംഘടിപ്പിക്കുന്നു. പാങ്ങോട് കുളച്ചൽ സ്റ്റേഡിയത്തിൽ നടക്കുന്ന തൊഴിൽ മേളയിലേക്ക് തൊഴിലുടമകൾക്കും വിമുക്തഭടന്മാർക്കും esmhire.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

****

****

RNU TVPM